കില
വാർത്താപത്രിക

VOLUME-12
ISSUE-9
SEPTEMBER 2019

info@kila.ac.in | NEWSLETTER OF KERALA INSTITUTE OF LOCAL ADMINISTRATION (KILA) | www.kila.ac.in

സമന്വയം 2019 ന്റെ കൂടിയാലോചനായോഗം കിലയിൽ തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി **എ.സി. മൊയ്തീൻ** ഉദ്ഘാടനം ചെയ്യുന്നു

കുടുംബശ്രീയെ ശക്തിപ്പെടുത്താൻ സമന്വയം പരിപാടി

കുടുംബശ്രീയും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും തമ്മിലുള്ള ബന്ധം ഊട്ടിയുറപ്പിക്കാനും കുടുംബശ്രീയുടെ ലക്ഷ്യബോധവും സാമൂഹ്യ- രാഷ്ട്രീയകാഴ്ചപ്പാടും ശക്തിപ്പെടുത്തുന്നതിനു ലക്ഷ്യമിട്ടുകൊണ്ടുള്ള സമന്വയം പരിപാടിക്കു തുടക്കമായി. കുടംബശ്രീ മിഷനും കിലയും ചേർന്നു വിഭാവനം ചെയ്തിട്ടുള്ള ഈ പരിപാടിയിൽ നേതൃത്വപരമായ പങ്ക് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കായിരിക്കും. കുടുംബം മുതൽ കുടുംബശ്രീ മിഷൻ തലം വരെയുള്ള പദ്ധതി രൂപപ്പെടുത്തുന്നതിനാണ് ലക്ഷ്യമിടുന്നത്. അതോടൊപ്പം ഗ്രാമസഭയിലേയും വർക്കിംഗ്ഗ്രൂപ്പിലേയും കുടംബശ്രീ അംഗങ്ങളുടെ ക്രിയാത്മക ഇടപെടലിന്റെ ശേഷി വർദ്ധിപ്പിക്കാനും ഉദ്ദേശ്യമുണ്ട്.

വികസനത്തിലും ആസൂത്രണത്തിലും വനിതകളുടെ പങ്കാളിത്തം ഉറപ്പുവരുത്തുക, വനിതാഘടക പദ്ധതി മെച്ചപ്പെടുത്തുക, സാമൂഹ്യനീതിയിൽ ഊന്നിയ വികസനം ഉറപ്പുവരുത്തുക, ഗ്രാമസഭകൾ ശക്തിപ്പെടുത്തുക, അയൽക്കൂട്ടവും സമൂഹവും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തുക, പരിശീലനങ്ങളും സാമൂഹ്യപ്രവർത്തനങ്ങളും സംഘടിപ്പിക്കുക തുടങ്ങിയവയാണ് മറ്റ് ലക്ഷ്യങ്ങൾ.

സമന്വയം 2019 ന്റെ കൂടിയാലോചനായോഗം കിലയിൽ തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി എ.സി. മൊയ്തീൻ ഉദ്ഘാടനം ചെയ്തു. കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് തുളസി ടീച്ചർ അദ്ധ്യക്ഷയായിരുന്നു. കില ഡയറക്ടർ ഡോ. ജോയ് ഇളമൺ സ്വാഗതമാശംസിച്ചു. സാക്ഷരതാമിഷന്റെ സമ പദ്ധതിയെക്കുറിച്ച് സാക്ഷരതാമിഷൻ ഡയറക്ടർ ഡോ.പി.എസ്. ശ്രീകല വിശദീകരിച്ചു. ജീവിതസാഹചര്യങ്ങൾ മൂലം വിദ്യാഭ്യാസം നേടാൻ സാധിക്കാതിരുന്ന കുടുംബശ്രീ അംഗങ്ങൾക്കു പത്ത്, പ്ലസ്-ടു വിദ്യാഭ്യാസം നൽകുന്ന സമ പദ്ധതി 2020 ജനുവരിയിൽ ആരംഭിക്കും സ്ത്രീശാക്തീകരണത്തിന്റെ അടിത്തറ ശക്തിപ്പെടുത്തുകയാണ് ഇതിന്റെ ലക്ഷ്യം. കുടുംബശ്രീ മിഷൻ എക്സ്ക്യൂട്ടീവ് ഡയറക്ടർ ഹരികിഷോർ ഐ.എ.എസ്, കുടുംബശ്രീ മിഷൻ പ്രോഗ്രാം ഓഫീസർ കെ.വി.പ്രമോദ്, ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ചീഫ് എക്സ്ക്യൂട്ടീവ് ഓഫീസർ മദൻ മോഹൻ എന്നിവർ സംസാരിച്ചു. ഗ്രാമ-ബ്ലോക്ക്-ജില്ലാപഞ്ചായത്ത് അസോസിയേഷനുകളുടേയും മുനിസിപ്പൽ ചെയർമാൻ ചേംബറിന്റയും കോർപ്പറേഷൻ മേയർമാരുടേയും പ്രതിനിധികൾ, കുടുംബശ്രീ മിഷൻ കോർഡിനേറ്റർമാർ എന്നിവരാണ് യോഗത്തിൽ പങ്കെടുത്തത്.ഭാവി പ്രവർത്തനങ്ങൾക്കു ദിശാബോധം നൽകുന്ന കരടു പദ്ധതിരേഖ ചർച്ചകൾക്കുശേഷം അംഗീകരിച്ചു. ചർച്ചകളുടെ അടിസ്ഥാനത്തിൽ ഈ രേഖ സമ്പുഷ്ടമാക്കി തുടർപ്രവർത്തനങ്ങൾ നടത്താനും തീരുമാനിച്ചു.

തദ്ദേശസ്വയംഭരണവകുപ്പ്: വാർത്തകളും അറിയിപ്പുകളും

ലൈഫ്മിഷൻ:വീടുവയ്ക്കാൻ ഭൂമി വാങ്ങുന്നതിനു നിരക്കു നിശ്ചയിച്ചു

ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും ലൈഫ് മിഷൻ പദ്ധതിയിൽപ്പെടുത്തി ഭൂരഹിത-ഭവനരഹിത ഗുണഭോക്താക്കൾക്കു വീടുവയ്ക്കാൻ ഭൂമി വാങ്ങുന്നതിനു നിരക്കു നിശ്ചയിച്ചിട്ടുണ്ട്. ഏതു പദ്ധതി പ്രകാരവും വീടുവയ്ക്കുന്നതിനു ഭൂമി വാങ്ങാൻ താഴെ പറയുന്ന നിരക്കായിരിക്കും ബാധകമാകുന്നത്.

ഗ്രാമപഞ്ചായത്തുകളിൽ മൂന്നു സെന്റിൽ കുറയാതെ ഭൂമി വാങ്ങുന്നതിനു ജനറൽ വിഭാഗത്തിനു പരമാവധി രണ്ടു ലക്ഷം രൂപയും പട്ടികജാതി വിഭാഗത്തിനും പട്ടികവർഗ്ഗ വിഭാഗത്തിനും 225,000 രൂപയും നൽകാം. മുനിസിപ്പാലിറ്റികളിൽ മൂന്നു സെന്റിൽ കുറയാതെ ഭൂമി വാങ്ങുന്നതിനു ജനറൽ വിഭാഗത്തിൽ പരമാവധി 270,000 രൂപയും പട്ടികജാതി-പട്ടികവർഗ്ഗവിഭാഗങ്ങൾക്കു മൂന്നുലക്ഷം രൂപയും നൽകാം.

കോർപ്പറേഷൻ പ്രദേശങ്ങളിൽ മൂന്നു സെന്റിൽ കുറയാതെ ഭൂമി വാങ്ങുന്നതിനു പരമാവധി ജനറൽ വിഭാഗത്തിനു 525,000 രൂപയും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിനു ആറു ലക്ഷം രൂപയും നൽകാവുന്നതാണ്.

തദ്ദേശസ്വയംഭരണവകുപ്പിന്റെ 26.9.2019 ലെ ഡി.ബി.1/304/19 നമ്പർ സർക്കുലർ പ്രകാരമാണ് ഈ നിർദ്ദേശം നൽകിയിട്ടുള്ളത്.

സാക്ഷരതാമിഷൻ പ്രവർത്തനങ്ങൾ

സാക്ഷരതാമിഷൻ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനു മിഷൻ പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങളുടെ വില നൽകുന്നതിനും സാക്ഷരതാമിഷന്റെ പരീക്ഷാ ഫീസ് അടയ്ക്കുന്നതിനും തദ്ദേശസ്ഥാപനങ്ങൾക്കു പ്രോജക്ട് വയ്ക്കാവുന്നതാണ്. ഈ ആവശ്യത്തിനു പൊതുവിഭാഗം വികസനഫണ്ടിനോടൊപ്പം പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗം ഗുണഭോക്താക്കൾക്കു ആവശ്യമായ തുക എസ്.സി.പി. ഫണ്ടിൽനിന്നോ ടി.എസ്.പി ഫണ്ടിൽനിന്നോ വകയിരുത്തുന്നതുമാണ്. (സർക്കുലർ നമ്പർ ഡി.എ.1/286/2019 തസ്വഭവ. 25.9.2019)

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ധനപരമായ കേസ്സുകൾ റിപ്പോർട്ട് ചെയ്യണം

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ ധനാപഹരണം, തിരിമറി, നഷ്ടമുണ്ടാക്കൽ മുതലായ വിഷയങ്ങളുമായി ബന്ധപ്പെട്ട കേസ്സുകൾ, പരാതികൾ മറ്റ് അന്വേഷണ വിവരങ്ങൾ എന്നിവ വകുപ്പു തലവന്മാർക്കു റിപ്പോർട്ട് ചെയ്യേണ്ടതാണ്.1.4.2015 മുതൽ ലഭിച്ചിട്ടുള്ള അതതു തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവരുമായി ബന്ധപ്പെട്ട തിരിമറികൾ, നഷ്ടം വരുത്തൽ, പണാപഹരണം, വഞ്ചന തുടങ്ങിയ ആരോപണങ്ങളിലുള്ള പരാതികൾ, നിവേദനങ്ങൾ, കോടതി കേസ്സുകൾ എന്നിവ സംബന്ധിച്ച വിവരങ്ങളും അവയിൽ എടുത്ത നടപടികൾ സംബന്ധിച്ച വിവരങ്ങളും നിശ്ചിത പെർഫോർമയിൽ തയ്യാറാക്കി വകുപ്പു തലവന്മാർക്കു സമർപ്പിക്കേണ്ടതാണ്. വകുപ്പുതലവന്മാർ ഇവ ശേഖരിച്ച് അതതുമാസം 20-ാം തീയതിക്കു മുമ്പ് റിപ്പോർട്ടായി സർക്കാരിൽ സമർപ്പിക്കേണ്ടതുമാണ്. ഇതുസംബന്ധിച്ച വിശദമായ സർക്കുലറും പെർഫോർമയുടെ മാതൃകയും തദ്ദേശസ്വയംഭരണവകുപ്പ് 26.9.19 ലെ എ.ബി.2/349/15-ാം നമ്പർ സർക്കുലറിലൂടെ വിജ്ഞാപനം ചെയ്തിട്ടുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഭൂമി ലൈഫ് പദ്ധതിക്കു ഉപയോഗിക്കാം

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടേയും വിവിധ വകുപ്പുകളുടേയും ഉടമസ്ഥതയിലുള്ള ഭൂമി നിലവിൽ മററു പദ്ധതികൾക്കൊന്നും ഉപയോഗിക്കുന്നില്ലെങ്കിൽ അതു ലൈഫ് പദ്ധതിക്കു തദ്ദേശസ്ഥാപനാടിസ്ഥാനത്തിൽ കണ്ടെത്താവുന്നതാണ്. ഭൂമി ലഭ്യമല്ലാത്ത സാഹചര്യത്തിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കു ഭവനസമുച്ചയം അല്ലെങ്കിൽ ക്ലസ്റ്റർ ഭവനങ്ങളുടെ നിർമ്മാണത്തിനായി ആവശ്യമുള്ള ഭൂമി വാങ്ങാവുന്നതുമാണ്. രണ്ടാം ഘട്ടത്തിലേക്കു മാറ്റിവച്ചിട്ടുള്ള ഫണ്ട് വിനിയോഗിച്ചതിനുശേഷം ബാക്കി വരുന്ന തുക പൂർണ്ണമായും മൂന്നാംഘട്ട ഭവനിർമ്മാണം/ക്ലസ്റ്റർ ഹോം/ഭവനസമുച്ചയം എന്നിവയുടെ ആവശ്യത്തിനു വിനിയോഗിക്കാം. (സർക്കുലർ നമ്പർ ഡി.ബി.1/320/2019/തസ്വഭവ. 26.9.2019)

കോൺഫ്രൻസ് ഹാളുകൾ: മുതിർന്ന പൗരന്മാർക്കു ഇളവ്

തദ്ദേസ്വയംഭരണസ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള കോൺഫ്രൻസ് ഹാളുകൾ മുതിർന്ന പൗരന്മാരുടെ സംഘടനാപരിപാടികൾക്കു വാടകയ്ക്കു നൽകുമ്പോൾ 50 ശതമാനം വരെ കുറഞ്ഞ നിരക്കിൽ വാടക ഇളവ് അനുവദിക്കേണ്ടതാണ്. രാഷ്ട്രീയ പരിപാടികൾക്കു ഈ ഇളവ് അനുവദനീയമല്ല. മുതിർന്ന പൗരന്മാരുടെ സംഘടനാപരിപാടികൾക്കു മാത്രമാണെന്നു ഉറപ്പുവരുത്തേണ്ടതാണ്. (സർക്കുലർ നമ്പർ 307/ഡി.ബി.2/18 തസ്വഭവ. 23.9.19)

നഗരസഭ ചെയർമാന്മാർക്കു പേഴ്സണൽ അസിസ്റ്റന്റ്

നഗരസഭയിലെ മുഖ്യകാര്യനിർവഹണ ഉദ്യോഗസ്ഥൻ എന്ന നിലയ്ക്കു ചെയർമാൻമാർക്കു കാര്യമായ പ്രവർത്തനം കാഴ്ചവയ്ക്കുന്നതിനായി ഒരു പേഴ്സണൽ അസിസ്റ്റന്റിന്റെ സേവനം പ്രയോജനകരമാണെന്നു കണ്ടതിനാൽ പേഴ്സണൽ അസിസ്റ്റന്റിനെ നിയമിക്കാൻ ഉത്തരവായി. കേരള മുനിസിപ്പൽ ആക്ട്, അനുബന്ധവിഷയങ്ങൾ, ചട്ടങ്ങൾ എന്നിവ പ്രകാരവും ആസൂത്രണം, ഘടകസ്ഥാപനങ്ങളുടെ കാര്യമായ പ്രവർത്തനം എന്നിവയുമായി ബന്ധപ്പെട്ടും നിരവധി ചുമതലകൾ നഗരസഭ ചെയർമാൻമാർക്കുണ്ട്. ഈ ചുമതലകൾ തൃപ്തികരമായി നിർവഹിക്കുന്നതിനു പേഴ്സണൽ അസിസ്റ്റന്റായി അതതു നഗരസഭകളിൽ എൽ.ഡി.ക്ലാർക്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെ നിയമിക്കാൻ അനുമതി നൽകിയാണ് ഉത്തരവായിട്ടുള്ളത്. (സ.ഉ.(സാധാ)1869/2019/തസ്വഭവ. തീയതി.30.8.2019)

സ്കൂൾവിദ്യാഭ്യാസ ഗുണമേന്മയിൽ കേരളം ഒന്നാമത്

സ്കൂൾ വിദ്യാഭ്യാസഗുണമേന്മയിൽ കേരളം രാജ്യത്ത് ഒന്നാമതെത്തി. മൊത്തം പ്രകടനസൂചികയിൽ 76.76 പോയിന്റ് നേടിയാണ് കേരളം ഒന്നാം സ്ഥാനത്തെത്തിയത്. ഏറ്റവും പിന്നിലായ ഉത്തർപ്രദേശ് സംസ്ഥാനത്തിനു 36.6 പോയിന്റ് മാത്രമേ ലഭിച്ചുള്ളൂ. നീതി ആയോഗിന്റെ സ്കൂൾ വിദ്യാഭ്യാസ ഗുണമേന്മ സൂചികയിലാണ് ഇക്കാര്യമുള്ളത്. പ്രാഥമികതലം മുതൽ ഹയർ സെക്കണ്ടറിവരെയുള്ള ക്ലാസ്സുകളിലെ അധ്യയനഫലങ്ങൾ, സ്കൂളുകളുടെ നടത്തിപ്പും മേൽനോട്ടവും എന്നിങ്ങനെ രണ്ടു വിഭാഗങ്ങളിലായി 30 മാനദ്ണ്ഡങ്ങൾ അടിസ്ഥാനമാക്കിയാണ് പരിശോധന. ലോകബാങ്ക് പ്രതിനിധികൾ, വിദ്യാഭ്യാസ വിദഗ്ദ്ധർ എന്നിവരുടെ പങ്കാളിത്തത്തോടെ 2015-16 അടിസ്ഥാനവർഷവുമാക്കിയായിരുന്നു പഠനം. ഇരുപത് വലിയ സംസ്ഥാനങ്ങളുടെ പട്ടികയിലാണ് കേരളം ഒന്നാം സ്ഥാനത്തെത്തിയത്. എട്ടു ചെറിയ സംസ്ഥാനങ്ങളുടെ പട്ടികയിൽ മണിപ്പൂരും കേന്ദ്രഭരണപ്രദേശങ്ങളിൽ ചണ്ഡീഗഡുമാണ് മുന്നിൽ.

വിദ്യാഭ്യാസങ്ങളുടെ നടത്തിപ്പ്, ഉത്തരവാദിത്വം, സാമ്പത്തിക അച്ചടക്കം, അധ്യാപകനിയമനത്തിലേയും സ്ഥാനക്കയറ്റത്തിലേയും സുതാര്യത, കുട്ടികളുടേയും അധ്യാപകരുടേയും ഹാജർ സംവിധാനം, അധ്യപക പരിശീലനം എന്നിവ ഉൾപ്പെടുന്ന വിഭാഗത്തിൽ കേരളം 79 പോയിന്റുമായി ഒന്നാമതാണ്. 21 പോയിന്റിലൊതുങ്ങിയ ജാർഖണ്ഡാണ് ഏറ്റവും പിന്നിൽ.

അധ്യയനഫലം, പഠനാവസരം ലഭ്യമാക്കൽ, അടിസ്ഥാന സൗകര്യം, അവസരസമത്വം എന്നിവ ഉൾപ്പെടുന്ന വിഭാഗത്തിൽ കേരളം, കർണാടക, രാജസ്ഥാൻ, ആന്ധ്രപ്രദേശ് സംസ്ഥാനങ്ങളാണ് മുന്നിൽ. ഈ വിഭാഗത്തിലും ഏറ്റവും പിന്നിൽ ഉത്തർപ്രദേശാണ്. മൊത്തം പ്രകടനത്തിൽ കർണാടക 2015-16 നെ അപേക്ഷിച്ച് 2016-17 ഏറെ പിന്നിൽ പോയി.

കുട്ടികളുടെ ദൈനംദിന ഹാജർ ശരാശരിയിലും കേരളമാണ് മുന്നിൽ. 92.1 ശതമാനം. രണ്ടാസ്ഥാനത്തുള്ള ഒഡീഷയ്ക്കു 74.2 ശതമാനം മാത്രമാണ് ഹാജർ. ആന്ധ്രയ്ക്കാണ് മൂന്നാംസ്ഥാനം 70.2 ശതമാനം. ഒരധ്യാപകൻ മാത്രമുള്ള സ്കൂളുകൾ കൂടുതൽ ജാർഖണ്ഡിലാണ്. 16.9 ശതമാനം. കേരളത്തിലെ എല്ലാ സ്കൂളുകളും വികസനപാതയിലാണെന്നും നീതി ആയോഗ് റിപ്പോർട്ടിൽ വ്യക്തമാക്കുന്നു. കർണാടകത്തിൽ ഇതു പൂജ്യമാണ്.

കിലയിലെത്തിയ ഇന്തോനേഷ്യൻ സംഘം

കേരളത്തിന്റെ വികസനമാതൃകകൾ പഠിക്കാൻ ഇന്തോനേഷ്യൻ സംഘം കിലയിൽ

കേരളത്തിലെ പ്രധാനപ്പെട്ട വികസനമാതൃകകൾ നേരിൽ കണ്ട് മനസ്സിലാക്കാനും പഠിക്കാനുമായി ഇന്തോനേഷ്യയിൽനിന്നുള്ള ജനപ്രതിനിധികളും ഉദ്യോഗസ്ഥരും കിലയിലെത്തി. കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്കു തുല്യമായ ഗ്രാമങ്ങളുടെ തലവന്മാരായ നാലുപേരും പന്ത്രണ്ട് സർക്കാർ ഉദ്യോഗസ്ഥരും മൂന്നു റിസോഴ്സ് പേഴ്സൺമാരുമാണ് സംഘത്തിലുണ്ടായിരുന്നത്. ഹൈദരാബാദിലെ നാഷ്ണൽ ഇൻസ്ററിററ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റും പഞ്ചായത്തിരാജും(എൻ.ഐ.ആർ.ഡി-പി.ആർ) കിലയും ചേർന്നാണ് ഇവർക്കു നാലുദിവസത്തെ പരിശീലനവും പഠനസന്ദർശനവും ഒരുക്കിയത്.

ടൂറിസത്തിനു ഏറേ പ്രാധാന്യമുള്ള നെതർലാന്റ്സിന്റെ കീഴിലായിരുന്ന ഇന്തോനേഷ്യ. സ്വാതന്ത്ര്യാനന്തരം ആ രംഗത്തുതന്നെയാണ് മികച്ച കൽവെപ്പു നടത്തിയത്. ഇന്തോനേഷ്യയിൽ യൂണിയൻ സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റയും ധനസഹായമെല്ലാം നേരിട്ടു പ്രാദേശിക ഭരണകൂടങ്ങൾക്കാണു നൽകുക. നിശ്ചയിക്കപ്പെട്ട വികസനപരിപാടികൾക്കു മാത്രമേ ഈ തുക വിനിയോഗിക്കാൻ പാടുള്ളൂവെന്ന കർശന നിബന്ധനയുണ്ട്. തദ്ദേശഭരണകൂടങ്ങൾക്കു വരുമാനമുണ്ടാക്കുന്ന പദ്ധതികളാണ് ഇവർ ഏറ്റെടുക്കുന്നത്. ഈ രംഗത്ത് കുടുംബശ്രീ നടത്തിവരുന്ന പ്രവർത്തനങ്ങൾ വിലയിരുത്തി പഠിക്കാനും അവർക്കുദ്ദേശ്യമുണ്ട്. മുള്ളൂർക്കര ഗ്രാമപഞ്ചായത്തും തൃശ്ശൂർ ജില്ലാ പഞ്ചായത്തും സന്ദർശിച്ച സംഘം തിരുവില്വാമല ഗ്രാമപഞ്ചായത്തിലെ കുടുംബശ്രീയുടെ പ്രവർത്തനങ്ങളും നേരിൽ കണ്ട് മനസ്സിലാക്കി.

കിലയിൽ ഇവർക്കുവേണ്ടി സംഘടിപ്പിച്ച പരിശീലനപരിപാടിയിൽ കില പ്രൊഫ. ഡോ. സണ്ണി ജോർജ് ആമുഖപ്രഭാഷണം നടത്തി. പരിശീലനപരിപാടിയുടെ കോർഡിനേറ്റർ പ്രൊഫ.ടി. രാഘവൻ, ഡോ. ജെ.ബി.രാജൻ, പി.വി. രാമകൃഷ്ണൻ എന്നിവർ വിവിധ വിഷയങ്ങളിൽ ക്ലാസ്സെടുത്തു. കേരളത്തിലെ അധികാരവികേന്ദ്രീകരണം, ഗ്രാമപഞ്ചായത്തുകളുടെ അധികാരങ്ങളും പ്രവർത്തനങ്ങളും, ജില്ലാപഞ്ചായത്തുകളുടെ അധികാരങ്ങളും പ്രവർത്തനങ്ങളും, കുടുംബശ്രീ യൂണിറ്റുകളുടെ പ്രവർത്തനം, ദാരിദ്ര്യലഘൂകരണ പരിപാടികൾ തുടങ്ങിയ വിഷയങ്ങളിലായിരുന്നു പരിശീലനം.

നഗരസഭകളിൽനിന്നു നൽകുന്ന വിവിധ സേവനങ്ങളും അവയുടെ നിബന്ധനകളും സംബന്ധിച്ച് കിലയിൽ ആരംഭിച്ച പരിശീലനപരിപാടി

നഗരസഭകളിലെ സേവനങ്ങളും നിബന്ധനകളും:പരിശീലനം തുടങ്ങി

നഗരസഭകളിൽനിന്നു നൽകുന്ന വിവിധ സേവനങ്ങളും അവയുടെ നിബന്ധനകളും സംബന്ധിച്ച പരിശീലനപരിപാടി കിലയിൽ തുടങ്ങി. ജനന-മരണ-വിവാഹ രജിസ്ട്രേഷൻ, വസ്തുനികുതി, സാമൂഹ്യസുരക്ഷാപെൻഷനുകൾ, ലൈസൻസുകൾ, കെട്ടിടനിർമ്മാണാനുമതി തുടങ്ങിയ സേവനങ്ങൾ നഗരസഭയുടെ പ്രധാന പ്രവർത്തനങ്ങളാണ്. ചില കാര്യങ്ങളിൽ ഭരണസമിതി അപ്പീൽ അധികാരി കൂടിയാണ്. അതുകൊണ്ട് ജനപ്രതിനിധികളും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും മേൽ സൂചിപ്പിച്ച സേവനങ്ങളുടെ നിബന്ധനകളിൽ വന്ന ആനുകാലിക മാറ്റങ്ങൾ മനസ്സിലാക്കുക എന്നതാണ് ഈ പരിശീലനത്തിന്റെ പ്രധാന ലക്ഷ്യം.

ഈ ലക്ഷ്യം മുൻ നിർത്തി ക്ഷേമകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി അംഗങ്ങൾക്കും മേൽ പറഞ്ഞ വിഭാഗങ്ങൾ കൈകാര്യം ചെയ്യുന്ന മിനിസ്റ്റീരിയിൽ വിഭാഗത്തിലെ മൂന്നു ഉദ്യോഗസ്ഥർക്കുമുള്ള പരിശീലനമാണ് ഒന്നാംഘട്ടത്തിൽ ആരംഭിച്ചിട്ടുള്ളത്. തുടർന്ന് നഗരസഭകളിലെ എല്ലാ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും ഈ പരിശീലനം നൽകും. കൂടാതെ സാമൂഹ്യവിദ്യാഭ്യാസ പരിപാടിയുടെ ഭാഗമായി നഗരസഭകളിലെ വിവിധ വിഭാഗം സാമൂഹ്യസന്നദ്ധസംഘടനകളിലെ ഭാരവാഹികൾക്കും ഈ പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നു. പരിശീലനം സിദ്ധിച്ചവർ നഗരസഭയോടൊപ്പം ചേർന്ന് പ്രവർത്തിക്കുന്ന ഒരു റിസോഴ്സ് ടീം ആയി മാറും. നഗരസഭയിലെ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കുമുള്ള പരിശീലനത്തിനായി കിലയിൽ "നഗരസഭകൾ നൽകുന്ന സേവനങ്ങളും അവയുടെ നിബന്ധനകളും" എന്ന പേരിൽ കൈപ്പുസ്തകവും തയ്യാറാക്കിയിട്ടുണ്ട്. നഗരസഭകളിൽനിന്നു നൽകുന്ന വിവിധ സേവനങ്ങൾ, അവയുടെ നിബന്ധനകൾ, സമർപ്പിക്കേണ്ട രേഖകൾ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, അടയ്ക്കേണ്ട ഫീസ്, സേവനാവകാശനിയമപ്രകാരമുള്ള ഒന്നാം അപ്പീൽ അധികാരി, രണ്ടാം അപ്പീൽ അധികാരി തുടങ്ങിയ എല്ലാ വിശദാംശങ്ങളുമടങ്ങിയ ഒരു ചെക്ക് ലിസ്റ്റായി ഈ കൈപ്പുസ്തകം ഉപയോഗപ്പെടുത്താവുന്നതാണ്. ആഗസ്റ്റ് 21, 22 തീയതികളിൽ ആരംഭിച്ച ഒന്നാം ബാച്ച് പരിശീലനം കില ഡയറക്ടർ ഡോ.ജോയ് ഇളമൺ ഉദ്ഘാടനം ചെയ്തു. പ്രോഗ്രാം കോർഡിനേറ്റർ എം.രേണുകുമാർ പരിശീലനപരിപാടി വിശദീകരിച്ചു. എം.സ്.സെയ്ഫുദ്ദീൻ, എസ്.നൂഹു, കെ.ജി.വിജയകൃഷ്ണൻ, പി.കെ.ജയദേവൻ, പി.രാധാകൃഷ്ണൻ, മുകുന്ദൻ, എ.ഉണ്ണികൃഷ്ണൻ നായർ, ആർ.ബാലഗംഗാധരൻ തുടങ്ങിയവർ പരിശീലനത്തിനു നേതൃത്വം നൽകി.

ശുചിത്വ– മാലിന്യ പരിപാലനം: നഗരസഭ കൗൺസിലർമാർക്കു പരിശീലനം

ശുചിത്വ- മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട് നഗരസഭകളിലെ കൗൺസിലർമാർക്കും ഉദ്യോഗസ്ഥർക്കുമുള്ള മൂന്നുദവസത്തെ പരിശീലനപരിപാടി കില ഡയറക്ടർ ഡോ. ജോയ് ഇളമൺ ഉദ്ഘാടനം ചെയ്തു. കോഴ്സ് ഡയറക്ടർ ഡോ.സണ്ണി ജോർജ് സംസാരിച്ചു. ഓരോ നഗരസഭയിൽനിന്നും എട്ടുപേർ വീതമാണ് പങ്കെടുത്തത്.

ശുചിത്വ-മാലിന്യ പരിപാലനം-കേരള കാഴ്ച്പ്പാട്, ഖരമാലിന്യ പരിപാലനം, ദ്രവമാലിന്യ പരിപാലനം, അജൈവ മാലിന്യപരിപാലനം, ഹരിതകർമ്മസേനയുടെ രൂപീകരണവും പ്രവർത്തനവും, മാലിന്യ പരിപാലനത്തിനുള്ള സാങ്കേതികവിദ്യയും പ്രവർത്തനവും, മാലിന്യപരിപാലനത്തിന്റെ ഫീൽഡ് സ്റ്റഡി, മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട നിയമ വ്യവസ്ഥയും നഗരസഭകളുടെ ചുമതലകളും, ജീവിതശൈലിയും മാലിന്യപരിപാലനവും, ഹരിതനിയമങ്ങളുടെ നടപടിക്രമങ്ങൾ, കർമ്മപരിപാടി തയ്യാറാക്കൽ എന്നീ വിഷയങ്ങളിലായിരുന്നു പരിശീലനം. പരിശീലനത്തിന്റെ ഭാഗമായി പഠനപര്യടനും സംഘടിപ്പിച്ചിരുന്നു.

ശുചിത്വമിഷനിലെ ഇന്ദു ഐസക്, എം.സ്. ധന്യ, ഹരിതകേരളം മിഷനിലെ സജീവ് ലാൽ, പ്രൊഫ. ആർ. രഘുനന്ദനൻ, മനോജ്കുമാർ, പി.എം. ദേവരാജൻ, കൊടുങ്ങല്ലൂർ നഗരസഭ സെക്രട്ടറി സുജിത്, ജോസഫ് ജോൺ, വി.കെ ഉണ്ണികൃഷ്ണൻ എന്നിവർ നേതൃത്വം നൽകി.

പന്തളം, വൈക്കം, കൊണ്ടോട്ടി, തിരൂർ, തിരൂരങ്ങാടി, മഞ്ചേരി, മാനന്തവാടി, കോട്ടയ്ക്കൽ, ഇരിഞ്ഞാലക്കുട, പയ്യോളി നഗരസഭകളിൽനിന്നുള്ളവരാണ് പരിശീലനത്തിൽ പങ്കെടുത്തത്. ഇതോടെ എട്ടു ബാച്ചുകളുടെ പരിശീലനം പൂർത്തിയായി.

സുസ്ഥിവികസന ലക്ഷ്യങ്ങളിലൂന്നിയുള്ള പദ്ധതികൾ തയ്യാറാക്കാൻ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളെ പ്രാപ്തമാക്കുന്നതിന്റെ ഭാഗമായി കിലയിൽ സംഘടിപ്പിച്ച സംസ്ഥാനതല ഏകദിന പരിശീലക പരിശീലനം

സുസ്ഥിരവികസനലക്ഷ്യങ്ങൾ: തദ്ദേശസ്വയംഭരണസ്ഥാപനങ്ങളെ ബോധവൽക്കരിക്കാൻ പരിശീലനപരിപാടി

സുസ്ഥിരവികസന ലക്ഷ്യങ്ങളിലൂന്നി ജനകീയാസൂത്രണത്തിലൂടെ നവകേരള കർമ്മപരിപാടി കാര്യക്ഷമമായി നിർവഹിക്കാൻ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളെ ബോധവൽക്കരിക്കുന്നിതിനുള്ള പരിശീലനപരിപാടിക്കു തുടക്കമായി. സുസ്ഥിവികസന ലക്ഷ്യങ്ങളിലൂന്നിയുള്ള പദ്ധതികൾ തയ്യാറാക്കാൻ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളെ പ്രാപ്തമാക്കുകയാണ് പരിശീലന ലക്ഷ്യം. ഇതിന്റെ മുന്നോടിയായുള്ള സംസ്ഥാനതല ഏകദിന പരിശീലക പരിശീലനം കിലയിൽ ഡയറക്ടർ ഡോ.ജോയ് ഇളമൺ ഉദ്ഘാടനം ചെയ്തു. പരിശീലനപരിപാടികളെക്കുറിച്ച് ഡോ.ജെ.ബി.രാജൻ വിശദീകരിച്ചു. കോർഡിനേററർ ഷൈജു സ്വാഗതമാശംസിച്ചു. ജനകീയാസൂത്രണത്തന്റെ ജില്ലാ കോർഡിനേറ്റർമാരും രാഷ്ട്രീയ ഗ്രാമസ്വരാജ് അഭിയാൻ കോർഡിനേററർമാരുമാണ് പരിശീലക പരിശീലനത്തിൽ പങ്കെടുത്തത്.

ഗ്രാമപഞ്ചായത്തുകളിലെ വികസന-ക്ഷേമകാര്യ സ്ററാൻഡിംഗ്കമ്മിറ്റി മെമ്പർമാർക്കു ജില്ലാതലത്തിൽ തുടർപരിശീലനം നൽകും. 2015 സെപ്തംബറിൽ നടന്ന ഉച്ചകോടിയിൽ യു.എൻ.ജനറൽ അസംബ്ലിയിലെ 193 അംഗങ്ങളും അംഗീകരിച്ച സുസ്ഥിരവികസന ലക്ഷ്യം-2030-2016 ജനുവരി ഒന്നുമുതൽ നിലവിൽ വന്നതാണ്. 2030 ഓടെ ഭൂമിയിലെ എല്ലാ ജനങ്ങൾക്കും അഭിവൃദ്ധിയാണ് ലക്ഷ്യം. നിരന്തരമായ ചർച്ചകളിലൂടെ സുസ്ഥിരവികസന നയത്തിലൂന്നിയ 17 അജണ്ടയാണ് അംഗീകരിച്ചിട്ടുള്ളത് സുസ്ഥിരവികസനലക്ഷ്യങ്ങൽ കൈവരിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു നിർണായക പങ്കുവഹിക്കാനുണ്ട്.

ദാരിദ്ര്യം ഇല്ലാതാക്കുക, ഭക്ഷ്യസുരക്ഷിതത്വം കൈവരിക്കുക, ആരോഗ്യപൂർണമായ ജീവിതം ഉറപ്പുവരുത്തുക, വിദ്യാഭ്യാസതുല്യത, ലിംഗതുല്യത, സുസ്ഥിര ജലപരിപാലനം, എല്ലാവർക്കും ശുചിത്വം, മാന്യമായ തൊഴിൽ, പശ്ചാത്തല സൗകര്യങ്ങൾ, സുരക്ഷിത പാർപ്പിടം, കാലാവസ്ഥാവ്യതിയാനം നേരിടൽ, കടൽവിഭവങ്ങളുടെ സംരക്ഷണം, ആഗോളപങ്കാളിത്തം തുടങ്ങിയവയാണ് 17 സുസ്ഥിരവികസനലക്ഷ്യങ്ങൾ.

കിലയിലെത്തിയ ലേയിൽനിന്നുള്ള ജനപ്രതിനിധികളേയും ഉദ്യോഗസ്ഥരേയും കില ഡയറക്ടർ **ഡോ. ജോയ് ഇളമൺ** അഭിസംബോധന ചെയ്യുന്നു

ജമ്മുകാശ്മീരിലെ ജനപ്രതിനിധികൾ കിലയിൽ

ജമ്മുകാശ്മീരിലെ ലേ ജില്ലയിൽനിന്നുള്ള 26 ഹർഖ പഞ്ചായത്ത്(ഗ്രാമപഞ്ചായത്ത്) പ്രസിഡന്റുമാരും 5 ഉദ്യോഗസ്ഥരുമടങ്ങുന്ന സംഘം കില സന്ദർശിച്ചു. കേരളത്തിലെ പഞ്ചായത്ത് രാജ് സംവിധാനത്തെക്കുറിച്ച് പഠിക്കാനാണ് സംഘമെത്തിയത്. കിലയിൽ അവർക്കു രണ്ടു ദിവസത്തെ പരിശീലനം നൽകി. കില ഡയറക്ടർ ജോയ് ഇളമൺ ആമുഖപ്രഭാഷണം നടത്തി. കില റിസോഴ്സ് പേഴ്സൺമാരായ പി.വി.രാമകൃഷ്ണൻ, എം.ജി. കാളിദാസൻ എന്നിവർ ക്ലാസ്സുകൾക്കു നേതൃത്വം നൽകി. കടപ്പുറം ഗ്രാമപഞ്ചായത്തും ആലപ്പുഴ ജില്ലാപഞ്ചായത്തും സംഘം സന്ദർശിച്ചു. ലേ ബി.ഡി.ഒ അബ്ദുൾ ഖയൂമാണ് സംഘത്തെ നയിച്ചത്.

ചോദ്യങ്ങൾക്കു മറുപടി

? മൊബൈൽ ഫോൺ ടവർ നിർമ്മാണത്തിനു പെർമിറ്റ് അപേക്ഷ ലഭിച്ച ഉടനെ പൊതുജനങ്ങളിൽനിന്ന് പരാതികൾ ലഭിച്ചിരിക്കുന്നതിനാൽ എന്തുനടപടിയാണ് സ്വീകരിക്കേണ്ടത്?

● പെർമിറ്റ് അപേക്ഷ ലഭിച്ച് അതിനുള്ള നടപടിക്രമങ്ങൾ നടന്നുകൊണ്ടിരിക്കെ പരാതികൾ ലഭിച്ചാൽ ഭരണസമിതിയുടെ നേതൃത്വത്തിൽ ടവർ നിർമ്മാതാക്കളേയും ടവറിന്റെ നൂറുമീറ്റർ ചുറ്റളവിൽ താമസിക്കുന്ന പരാതിക്കാരേയും പങ്കെടുപ്പിച്ച് ചർച്ച നടത്തി പരിഹാരം കണ്ടെത്താൻ ശ്രമിക്കേണ്ടതാണ്. പരിഹാരം കണ്ടെത്താൻ കഴിയുന്നില്ലെങ്കിൽ പരാതി തുടർനടപടികൾക്കായി ജില്ലാകലക്ടർ ചെയർമാനായുള്ള ജില്ലാസമിതിക്കു കൈമാറേണ്ടതാണ്. അങ്ങനെ കൈമാറുമ്പോൾ ആ വിവരം ബന്ധപ്പെട്ട കക്ഷികളെ അറിയിച്ചിരിക്കണം.

പെർമിറ്റ് നൽകിയ ശേഷമാണ് ഇത്തരം പരാതി ലഭിക്കുന്നതെങ്കിൽ പെർമിറ്റ് നൽകിയതിലോ നിർമ്മാണത്തിലോ ചട്ടലംഘനമുണ്ടായിട്ടുണ്ടെങ്കിൽ അതു പരിഹരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാതെ വരുന്ന പരാതികൾ ജില്ല ടെലികോം കമ്മിറ്റിക്കു കൈമാറേണ്ടതും വിവരം ബന്ധപ്പെട്ട കക്ഷികളെ അറിയിക്കേണ്ടതുമാണ്. (സർക്കുലർ നമ്പർ ബി.3.18009/2017 തീയതി.25.10.2017. പഞ്ചായത്ത് ഡയറക്ടർ. സ.ഉ. (ആർ.ടി.)1826/2015/തസ്വഭവ.19.6.2015. ഉത്തരവു നമ്പർ 31/2014/ഐ.ടി.ഡി.5.11.2014)

? കെട്ടിട ഉടമ വസ്തുനികുതി അടച്ചില്ലെങ്കിൽ കൈവശക്കാരിൽനിന്ന് നികുതി ഈടാക്കാനുള്ള വ്യവസ്ഥയുണ്ടോ?

● ഉണ്ട്. കെട്ടിട ഉടമ വസ്തുനികുതി അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയാൽ സെക്രട്ടറിക്കു അപ്രകാരമുള്ള നികുതി കെട്ടിടം കൈവശം വച്ചിരിക്കുന്ന ആളിൽനിന്ന് നിയമാനുസൃതമുള്ള നോട്ടീസ് നൽകി നടപടിക്രമങ്ങളിലൂടെ ഈടാക്കാവുന്നതാണ്. അങ്ങനെയുള്ള തുക ഒടുക്കുവാൻ കൈവശക്കാരൻ ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ്. ആ തുക കൈവശക്കാരനു ഉടമയിൽനിന്നു ഈടാക്കാവുന്നതാണ്. (കേരള പഞ്ചായത്ത് രാജ്. വസ്തുനികുതിയും സേവനനികുതിയും ചട്ടങ്ങൾ 2011-ചട്ടം.18)

? മാതാപിതാക്കളില്ലാത്ത പ്രായപൂർത്തിയായ ഒരു വനിത, സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായത്തിനു അപേക്ഷ സമർപ്പിച്ചിരിക്കുന്നു. ആ വനിതയ്ക്കു വിവാഹധനസഹായം നൽകാമോ?

● നൽകാം. വിവാഹിതയാകുന്ന പെൺകുട്ടിയുടെ അമ്മയും അച്ഛനും ജീവിച്ചിരിപ്പിലെങ്കിൽ അവർ വിധവയായ സ്ത്രീയുടെ മകളായിരുന്നുവെങ്കിൽ ആ പെൺകുട്ടിക്കു തന്നെ അപേക്ഷ സമർപ്പിക്കാം. ഹാജരാക്കിയ രേഖകൾ പ്രകാരവും അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും അർഹയാണെങ്കിൽ വിവാഹധനസഹായം അനുവദിക്കാവുന്നതാണ്. അപേക്ഷിച്ച വനിതയ്ക്കുതന്നെ സഹായധനം കൈപ്പറ്റാവുന്നതുമാണ്.(സ.ഉ.(പി)151/78 തസ്വഭവ. തീയതി.19.6.1978)

? തെരഞ്ഞെടുപ്പിനു ഉപയോഗിച്ച ബലറ്റ്പെട്ടി, രേഖകൾ മുതലായവ എത്രകാലം സൂക്ഷിക്കണം? നശിപ്പിക്കേണ്ടതെങ്ങനെ?

● തെരഞ്ഞെടുപ്പിനു ഉപയോഗിച്ച ബാലറ്റ്പെട്ടികൾ, വോട്ടിംഗ് മെഷീനുകൾ എന്നിവ തെരഞ്ഞെടുപ്പു കമ്മീഷൻ നിർദ്ദേശിക്കുന്ന പ്രകാരം സൂക്ഷിച്ചുവയ്ക്കേണ്ടതാണ്. സാധാരണഗതിയിൽ ട്രഷറിയിലാണ് സൂക്ഷിക്കുന്നത്. ബലറ്റ് പേപ്പറുകൾ, വോട്ടർ പട്ടക ഉൾപ്പെടെയുള്ള മറ്റെല്ലാ രേഖകളും ഇപ്രകാരം തെരഞ്ഞെടുപ്പുകമ്മീഷൻ നിർദ്ദേശിക്കുന്ന പ്രകാരം സുരക്ഷിതമായി സൂക്ഷിക്കേണ്ടതാണ്. കോടതിയുടെ ഉത്തരവില്ലാതെ ഈ രേഖകൾ ഒന്നും തുറക്കാനോ പരിശോധിക്കാനോ പാടില്ല. കോടതിയുടെ ഉത്തരവുകൾ ഒന്നും ഇല്ലാത്തപക്ഷം ഒരു വർഷത്തിനുശേഷം സംസ്ഥാന തെരഞ്ഞെടുപ്പുകമ്മീഷന്റെ അനുമതിയോടെ മാത്രമേ രേഖകൾ നശിപ്പിക്കാൻ പാടുള്ളൂ. (കേരള പഞ്ചായത്ത് രാജ് തെരഞ്ഞെടുപ്പു നടത്തിപ്പ് ചട്ടങ്ങൾ-1995. ചട്ടം 55 കാണുക.)

? കർഷകഗ്രൂപ്പുകൾക്കു റിവോൾവിംഗ് ഫണ്ട് നൽകാമെന്ന് പറയുന്നു.അതെങ്ങനെയാണ്?

● കർഷകഗ്രൂപ്പുകൾക്കും പാടശേഖരസമിതികൾക്കും കർഷകസഹായകേന്ദ്രങ്ങൾക്കു റിവോൾവിംഗ് ഫണ്ട് നൽകാം. റിവോൾവിംഗ് ഫണ്ട് സബ്സിഡിയോ ധനസഹായമോ അല്ല. തിരികെ അടയ്ക്കേണ്ടതും ഗ്രൂപ്പിൽ റിവോൾവ് ചെയ്യേണ്ടതുമാണ്. ഒരു ഹെക്ടറിനു പരമാവധി 30,000/- രൂപ വരെ റിവോൾവിംഗ് ഫണ്ട് നൽകാം. ഏതു ആവശ്യത്തിനാണോ റിവോൾവിംഗ് ഫണ്ട് നൽകുന്നത് അക്കാര്യം പ്രോജക്ടിൽ വ്യക്തമാക്കണം. കാർഷിക ആവശ്യത്തിനു വിത്തും വളവും മറ്റും സഹായസഹകരണസംഘങ്ങൾ വഴി വിതരണം ചെയ്യുകയാണെങ്കിൽ റിവോൾവിംഗ് ഫണ്ട് സഹകരണസംഘം മുഖേന നൽകേണ്ടതാണ്. (സ.ഉ. (കൈ)22/2018 തസ്വഭവ.14.2.2018. പാര.6.1. കുറിപ്പ് 10 കാണുക)

? പകൽ വീട് എന്ന പദ്ധതിക്കു എന്തൊക്കെ ചെയ്യാം?

● പകൽ വീട്, വൃദ്ധസദനം, സായംപ്രഭാ ഹോം എന്നീ സ്ഥാപനങ്ങളുടെ കാര്യക്ഷമമായ നടത്തിപ്പിനു ആവശ്യമായ പദ്ധതി രൂപീകരിക്കാം. ആവശ്യമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്താം. കരാർ അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ച് പ്രതിമാസം 7,000/- രൂപയിൽ അധികരിക്കാതെ വേതനം നൽകാവുന്നതുമാണ്. പകൽ വീട് സൗകര്യം പ്രയോജനപ്പെടുത്തുന്നവരിൽ അർഹതയുള്ളവർക്കു പാകം ചെയ്ത ഉച്ചഭക്ഷണം വിതരണം ചെയ്യുന്ന പദ്ധതി ഏറ്റെടുക്കാം. (സ.ഉ. (കൈ)22/2018 തസ്വഭവ. 14.2.18 ഖണ്ഡിക 7.1.13)

? ഒരു കെട്ടിടത്തോടു ചേർന്ന് സെപ്റ്റിക് ടാങ്ക് നിർമ്മിക്കുമ്പോൾ അതു വസ്തുവിന്റെ അതിരിൽനിന്നു എത്ര അകലം പാലിച്ചിരിക്കണം.

● മനുഷ്യന്റെ ഉപയോഗത്തിനോ വീട്ടാവശ്യത്തിനോ ജലവിതരണത്തിനോ ഉപയോഗിക്കുന്ന കിണറിൽനിന്നു ഏഴര മീറ്റർ (7.50) ദൂരത്തിനുള്ളിൽ സെപ്റ്റിക് ടാങ്ക് നിർമ്മിക്കാൻ പാടില്ല. വസ്തുവിന്റെ അതിരിൽ നിന്നു 1.20 മീറ്റർ അകലം പാലിച്ചുവേണം സെപ്ററിക് ടാങ്ക് നിർമ്മിക്കാൻ. (കേ.പ.രാ കെട്ടിടനിർമ്മാണ ചട്ടങ്ങൾ 2011. 85,92(4))

ചോദ്യങ്ങൾക്ക് മറുപടി

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുമായി ബന്ധപ്പെട്ട എല്ലാ സംശയങ്ങൾക്കും ബന്ധപ്പെടുക. കില ഹെൽപ് ഡെസ്ക്. ഫോൺ നമ്പർ-0487 2455000

ബ്ലോക്ക്പഞ്ചായത്ത് സെക്രട്ടറിമാർക്കു പരിശീലനം

ബ്ലോക്ക് പഞ്ചായത്തുകളിൽ പുതുതായി നിയമനം ലഭിച്ച സെക്രട്ടറിമാരുടെ ഒരുമാസത്തെ പരിശീലനം കിലയിൽ തുടങ്ങി. കില ഡയറക്ടർ ഡോ.ജോയ് ഇളമൺ ഉദ്ഘാടനം ചെയ്തു. ബ്ലോക്ക് പഞ്ചായത്ത് ഭരണസംവിധാനം, ജനകീയാസൂത്രണം, കേരള പഞ്ചായത്ത് രാജ് ആകട്, റൂൾസ്, ഗ്രാമവികസനത്തിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരുടെ പങ്ക്, ഇന്ത്യയിലെ ഗ്രാമവികസനപ്രവർത്തനങ്ങളുടെ വികാസ പരിണാമങ്ങൾ, നേതൃശേഷി, ആശയവിനിമയം, പങ്കാളിത്ത ആസൂത്രണ പ്രക്രിയ, വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾ എന്നിവ സംബന്ധിച്ച വിശദമായ ചർച്ചകളും ഫീൽഡ് സന്ദർശനങ്ങളും സംഘടിപ്പിച്ചു.

കില അസി.ഡയറക്ടർ മാത്യു ആൻഡ്രൂസ്, എക്സ്റ്റഷൻ ഫാക്കൽറ്റി അംഗങ്ങളായ വി.സുധേശൻ, ഡോ. അമൃതരാജ്, പി.വി.രാമകൃഷ്ണൻ, എം. രേണുകുമാർ തുടങ്ങിയവർ പരിശീലനത്തിനു നേതൃത്വം നൽകി

പൊതുഭരണത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കുള്ള പരിശീലനപരിപാടി
കില ഡയറക്ടർ ഡോ.ജോയ് ഇളമൺ ഉദ്ഘാനം ചെയ്യുന്നു

പൊതുഭരണത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കു പരിശീലനം

പൊതുഭരണത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കുള്ള പന്ത്രണ്ടുദിവസത്തെ പരിശീലനപരിപാടി കിലയിൽ തുടങ്ങി. പ്രമോഷനിലൂടെ സെക്രട്ടറിമാരായവർക്കാണ് ഈ പരിശീലനം. ആദ്യബാച്ചിന്റെ ഉദ്ഘാടനം കില ഡയറക്ടർ ഡോ.ജോയ് ഇളമൺ നിർവഹിച്ചു. കോഴ്സ് ഡയറക്ടർ ഡോ.ജെ.ബി. രാജൻ സ്വാഗതമാശംസിച്ചു. കോഴ്സ് കോർഡിനേറ്റർ എ.എസ്. പ്രതാപ് സിംഗ് പരിശീലനപരിപാടികൾ വിശദീകരിച്ചു. 27 ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരാണ് പരിശീലനത്തിൽ പങ്കെടുത്തത്.

പ്രാദേശികഭരണസംവിധാനം ഇന്ത്യയിലും കേരളത്തിലും, കേരള പഞ്ചായത്ത് രാജ് നിയമം, ഗ്രാമപഞ്ചായത്ത് ചുമതലകൾ, ഉദ്യോഗസ്ഥസംവിധാനം, നവകേരള കർമ്മപരിപാടി, പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം, ഓഫീസ് നടപടിക്രമങ്ങൾ, ജനപ്രതിനിധി-ഉദ്യോഗസ്ഥ ബന്ധം, നിർവഹണ ഉദ്യോഗസ്ഥരുടെ ചുമതലകൾ, ധനമാനേജ്മെന്റ്, കേരള സർവീസ് റൂൾസ്, നികുതികൾ, ഫീസുകൾ, വസ്തുനികുതി, തൊഴിൽ നികുതി, മാലിന്യപരിപാലനം, പഞ്ചായത്തുകളിൽ ഉപയോഗിക്കുന്ന വിവിധ സോഫ്റ്റ് വെയറുകൾ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പുപദ്ധതി, പെർഫോർമൻസ് ഓഡിറ്റ് തുടങ്ങിയ വിഷയങ്ങളിലായിരുന്നു പരിശീലനം.

ഡോ. പീറ്റർ എം. രാജ്, കണ്ണൻ നായർ, ബൽരാജ്, സജീവ് ലാൽ, ഗംഗാധരൻനായർ, കെ.വി. ഗോവിന്ദൻ, രാമനാഥപിള്ള, എസ്. ജമാൽ, സി.പി.സുനിൽ, സഞ്ജയ് പ്രഭു തുടങ്ങിയവർ പരിശീലനത്തിനു നേതൃത്വം നൽകി.

ലൈഫ് മിഷൻ: തൃശ്ശൂർ ജില്ലയിൽ 8674 വീടുകളുടെ നിർമ്മാണം പൂർത്തിയായി

ലൈഫ് മിഷൻ പദ്ധതിയിൽ തൃശ്ശൂർ ജില്ലയിൽ 8674 വീടുകളുടെ നിർമ്മാണം പൂർത്തിയായി. നെന്മണിക്കര, ചാഴൂർ, അളഗപ്പനഗർ, തോളൂർ, അവണൂർ പഞ്ചായത്തുകൾ മുഴുവൻ ഗുണഭോക്താക്കൾക്കും വീടു നൽകി. ഫ്ളാറ്റ് സമുച്ചയം നിർമ്മിക്കുന്നതിനു 18 ഇടങ്ങളിലായി 48 ഏക്കർ ഭൂമി കണ്ടെത്തിയിട്ടുണ്ട്. ലൈഫ് മിഷൻ ജില്ലാതല കർമ്മസമിതി യോഗം ചേർന്ന് പ്രവർത്തികളുടെ പുരോഗതി വിലയിരുത്തി. ഒന്നാംഘട്ടമായ പൂർത്തീകരിക്കാത്ത വീടുകളുടെ പൂർത്തീകരണത്തിനു കരാർ വച്ച 2881 ഗുണഭോക്താക്കളിൽ 2758 വീടുകൾ പൂർത്തീകരിച്ചതായി ജില്ല കോർഡിനേറ്റർ യോഗത്തിൽ റിപ്പോർട്ടു ചെയ്തു. ഭൂമിയുള്ള ഭവനരഹിതർക്കു വീടു നൽകുന്ന രണ്ടാംഘട്ടത്തിൽ 86 പഞ്ചായത്തുകളിലായി 4683 ഗുണഭോക്താക്കളിൽ 2882 വീടുകൾ പൂർത്തീകരിച്ചു.1121 വീടുകൾ പൂർത്തീകരണഘട്ടത്തിലാണ്. ജില്ലയിൽ ആകെ അപേക്ഷകർ 15712. ഇതിൽ 8674 വീടുകളാണ്(55.25 ശതമാനം) പൂർത്തിയായത്. ഭൂരഹിതരായ ഭവനരഹിതർക്കു പാർപ്പിടം നൽകുന്ന മൂന്നാംഘട്ടത്തിൽ 35413 പേരെ പുനരധിവസിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. ഫ്ളാററ് സമുച്ചയനിർമ്മാണത്തിന്റെ പ്രാരംഭ നടപടികളും പൂർത്തിയായി. ഗുണഭോക്താക്കളുടെ രേഖകളുടെ പരിശോധന ഉടനെ പൂർത്തിയാക്കും.

ലൈഫ് മിഷൻ വീടുകളുടെ പൂർത്തീകരണത്തിനു പണം തടസ്സമാകില്ലെന്നും സമയബന്ധിതമായി പൂർത്തിയാക്കുമെന്നു യോഗത്തിൽ സംബന്ധിച്ച നവകേരള മിഷൻ സംസ്ഥാന കോർഡിനേറ്റർ ചെറിയാൻ ഫിലിപ്പ് പറഞ്ഞു. ലൈഫ് മിഷൻ മൂന്നാംഘട്ടത്തിലേക്കു ഒരു മാസത്തിനകം ആവശ്യമായ ഭൂമി കണ്ടെത്തണം. റവന്യുവകുപ്പിന്റെയും മറ്റു വകുപ്പുകളുടേയും ഭൂമി ലൈഫ് മിഷൻ പദ്ധതിക്കു ലഭ്യമാക്കുന്നതിനു ജില്ലാ കലക്ടർമാർ മുൻകൈ എടുക്കണം. സൗജന്യമായി ഭൂമി നൽകാൻ സാദ്ധ്യതയുള്ള ഭൂവുടമകളെ കണ്ടെത്താനും ശ്രമിക്കണം. 35,000 ഗുണഭോക്താക്കൾക്കായി 1100 ഏക്കർ ഭൂമിയാണ് വേണ്ടത്. ഗവർമ്മെണ്ട് ചീഫ് വിപ്പ് കെ.രാജൻ എം.എൽ.എ, എം.എൽ.എ മാരായ ബി.ഡി. ദേവസി, ഇ.ടി. സൈമൺ, ചാലക്കുടി നഗരസഭ ചെയർപേഴ്ൺ ജയന്തി പ്രവീൺകുമാർ, വടക്കാഞ്ചേരി നഗരസഭ ചെയർപേഴ്സൺ ശിവപ്രിയ സന്തോഷ്, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ, ജില്ലാകലക്ടർ എസ്. ഷാനവാസ്, ലൈഫ് മിഷൻ സംസ്ഥാന പ്രോഗ്രാം മാനേജർ എസ്. അജിത, ജില്ലാകോർഡിനേററർ വിലിൻസ് ഡേവിഡ്, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ജോയ് ജോൺ, ദാരിദ്ര്യലഘൂകരണവിഭാഗം പ്രോജക്ട് ഡയറക്ടർ സെറീന റഹ്മാൻ തുടങ്ങിയവർ പങ്കെടുത്തു.

ഓണാഘോഷത്തിന്റെ ഭാഗമായി കില ജീവനക്കാർ ഒരുക്കിയ പൂക്കളം

ഓണാഘോഷത്തിന്റെ ഭാഗമായി കൊട്ടാരക്കല കില സി.എച്ച്.ആർ.ഡിയിൽ ഒരുക്കിയ പൂക്കളം

KILA News letter Published By Dr. Joy Elamon, Director, Kerala Institute of Local Administration, Mulamkunnathukavu (P.O) Thrissur-680581 **(for private circulation only)**